**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3216** **25-10-2021 - ൽ മറുപടിയ്ക്ക്**

**നിയമന അംഗീകാരം ലഭിച്ച എയ്‌ഡഡ് സ്കൂൾ അധ്യാപകരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ വിവിധ കാലയളവിൽ നിയമന അംഗീകാരം ലഭിച്ച എയ്‌ഡഡ് സ്കൂൾ അധ്യാപകർക്ക് 2011 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ശമ്പളം പി.എഫ് അക്കൗണ്ടിലേക്ക് പോകണം എന്നു ഗവൺമെന്റ് ഉത്തരവ് ഉണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് 29/01/2016 - ലെ സ.ഉ(പി) നമ്പർ.29/2016/പൊ.വി.വ പ്രകാരം നിയമനാംഗീകാരം നൽകുമ്പോഴാണ് മേൽ ഉത്തരവ് തീയതി വരെയുള്ള ശമ്പളവും അലവൻസുകളും അവരുടെ പ്രോവിഡന്റ് ഫണ്ട് ആരംഭിക്കുന്ന മുറയ്ക്ക് അതിൽ നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചത്. 29/01/2016 - ലെ മേൽ ഉത്തരവ് പ്രകാരം അംഗീകാരം ലഭിക്കാതിരുന്ന മുൻകാല നിയമനങ്ങളിൽ പിന്നീട് അംഗീകാരം ലഭിക്കുന്ന സാഹചര്യത്തിൽ ശമ്പള കുടിശ്ശിക ഇനത്തിൽ വരുന്ന തുക നിർബന്ധമായും അവരുടെ പി.എഫ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നും ടി തുക ജീവനക്കാർക്ക് നിയമനാംഗീകാരം നൽകിയ ഉത്തരവിന്റെ തീയതി മുതൽ 5 വർഷം കഴിഞ്ഞു മാത്രമേ പിൻവലിക്കാൻ കഴിയുകയുള്ളൂ എന്നും 27/01/2021 – ലെ പരിപത്രം നമ്പർ.7/2021/ധന പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | ഉത്തരവ് ഉണ്ടെങ്കിൽ സ്പാർക്കിൽ അതിനുള്ള ഓപ്ഷൻ ഉൾപ്പെടുത്തുമോ എന്നും അല്ലെങ്കിൽ അത് ക്യാഷ് ആയി മാറ്റി എടുക്കുന്നതിനുള്ള അനുവാദം നൽകുമോ എന്നും അറിയിക്കുമോ? | (ബി) | 29/01/2016 – ലെ ഉത്തരവ് പ്രകാരമുള്ള നിയമനാംഗീകാരങ്ങൾക്ക് സ്പാർക്കിൽ അതിനുള്ള ഓപ്ഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ